STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.256/PR/SPMC/PHQ/2026 Date:27.06.2026

# പത്രക്കുറിപ്പ്

## കലാ കായിക വിനോദങ്ങൾ കുട്ടികളെ സ്ക്രീൻ ടൈമിൽ നിന്ന് മോചിപ്പിക്കും: റവാഡ ആസാദ് ചന്ദ്ര ശേഖർ

കലാ കായിക വിനോദങ്ങൾ കുട്ടികളെ സ്ക്രീൻ ടൈമിൽ നിന്ന് മോചിപ്പിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ പറഞ്ഞു.

കുട്ടികളുടെ സ്ക്രീൻ ടൈം വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ അവരെ അതിൽ നിന്നും മുക്തരാക്കി കലാകായിക പ്രകടനങ്ങളിലേയ്ക്ക് ആകർഷിച്ച് മാനസികവും ശാരീരികവുമായ ഉണർവും വളർച്ചയും നേടാൻ കലാകായിക വിനോദങ്ങൾക്ക് കഴിയും.

കാര്യവട്ടം ഗ്രീൻ ഫ്രീൽഡ് സ്റ്റേഡിയത്തിൽ നടന്ന കിഡ്സ് ഗ്ലോവ് ക്രിക്കറ്റ് ടൂർണമെൻറിന്റെ സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിജയികൾക്കുള്ള സമ്മാനദാനവും നിർവ്വഹിച്ചു.

ഡിജിറ്റൽ ലോകത്തിലെ അവസരങ്ങൾ സുരക്ഷിതമായി പ്രയോജനപ്പെടുത്താനും ഉത്തരവാദിത്തമുള്ള ഡിജിറ്റൽ പൗരന്മാരായി വളരാനും കുട്ടികളെ പ്രാപ്തരാക്കുന്ന കേരള പോലീസിന്റെ ബോധവത്ക്കരണ പദ്ധതിയാണ് കിഡ് ഗ്ലോവ്.

ഇതിന്റെ ഭാഗമായി പോലീസ് സൈബർ ഡിവിഷനും തിരുവനന്തപുരം ജില്ലാ ക്രിക്കറ്റ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച കുട്ടികൾക്കായുള്ള ക്രിക്കറ്റ് ടൂർണമെൻറിൽ 12 വയസ്സിനു മുകളിലുള്ള കുട്ടികളുടെ വിഭാഗത്തിൽ ടീം 'C'യും 12 വയസ്സുവരെയുള്ള കുട്ടികളുടെ വിഭാഗത്തിൽ ടീം 'B'യും വിജയികളായി. ടീം 'C' യിൽ നിന്നുള്ള ഗോകുൽ കൃഷ്ണനും ടീം 'B' യിൽ നിന്നുള്ള വിക്രമാദിത്യനും

മാൻ ഓഫ് ദി മാച്ച് ആയി തെരെഞ്ഞെടുക്കപ്പെട്ടു. ഗബ്രിയൽ ടോമാണ് ടൂർണമെൻറിലെ ടോപ് സ്കോറർ.

കുട്ടികളെ ഡിജിറ്റൽ ലോകത്തിന്റെ ആസക്തിയിൽ നിന്നും പുറത്തുകൊണ്ടുവരുന്നതിനും വിനോദ കായിക മത്സരങ്ങളിലൂടെ ഊർജ്ജ്വസ്വലരായ പുതുതലമുറയായി മാറ്റുന്നതിനും ലക്ഷ്യമിട്ടാണ് ക്രിക്കറ്റ് ടൂർണമെൻറ് സംഘടിപ്പിച്ചത്.

സമാപന ചടങ്ങിൽ ഡി.ജി.പിയും വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടറുമായ മനോജ് എബ്രഹാം, സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ കമാൻഡൻറ് യോഗേഷ് മന്ദയ്യ, വനിതാ ബറ്റാലിയൻ കമാണ്ടൻറ് അഞ്ജലി ഭാവന, കേരള ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി വിനോദ് എസ് കുമാർ, തിരുവനന്തപുരം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡൻറ് അഡ്വ. കെ.കെ രാജീവ്, സെക്രട്ടറി അഡ്വ. രജിത്ത് രാജേന്ദ്രൻ, എസ്.ബി.ഐ ലൈഫ്, ആറ്റിങ്ങൽ ബ്രാഞ്ച് മാനേജർ സുജിത്ത് കുമാർ എസ് ടി തുടങ്ങിയവർ സംബന്ധിച്ചു.

രാവിലെ നടന്ന ഉദ്ഘാടന ചടങ്ങ് ഡി.ഐ.ജിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ഡോ. അരുൾ ആർ.ബി കൃഷ്ണ ഉദ്ഘാടനം ചെയ്തു. സൈബർ ഓപ്പറേഷൻ വിഭാഗം ഡെപ്യൂട്ടി സൂപ്രണ്ട് രാജേഷ് കുമാർ ആർ, തിരുവനന്തപുരം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡൻറ് അഡ്വ. കെ.കെ രാജീവ്, സെക്രട്ടറി അഡ്വ. രജിത്ത് രാജേന്ദ്രൻ, ട്രഷറർ വി ജി രഘുനാഥ്, ജില്ലയിലെ വിവിധ ക്രിക്കറ്റ് അക്കാദമികളിൽ നിന്നുള്ള കുട്ടികൾ, എന്നിവർ സംബന്ധിച്ചു.

ജില്ലയിലെ വിവിധ ക്രിക്കറ്റ് അക്കാദമികളെ പ്രതിനിധീകരിച്ച് 100ലധികം കുട്ടികളാണ് ഇന്നത്തെ ക്രിക്കറ്റ് ടൂർണമെൻറിൽ പങ്കെടുത്തത്. ഇവരെ 11 ടീമായി തിരിച്ചായിരുന്നു മത്സരങ്ങൾ ക്രമീകരിച്ചത്. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും ഏർപ്പെടുത്തിയിരുന്നു.

എസ്.ബി.ഐ ലൈഫ്, ഡെക്കാത്തലോൺ എന്നിവരാണ് വിജയികൾക്കുള്ള പുരസ്കാരങ്ങൾ സ്പോൺസർ ചെയ്തത്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ്

മീഡിയ സെൻറർ

*********************




KID GLOVE


KID GLOVE
CYBER DIVISION
SBI Life


KID GLOVE
SBI Life


KID GLOVE
TRIVANDRUM DISTRICT CRICKET ASSOCIATION
SBI Life


KID GLOVE
CRICKET